(ബി) ഈ കാലയളവിൽ ചാലക്കുടി ഡിപ്പോക്ക് അനുവദിച്ച പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം എത്ര ; പുതുതായി ആരംഭിച്ച സർവ്വീസ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ചാലക്കുടി ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി ഡിപ്പോയുടെ വികസനത്തിനും നവീകരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങളും തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 31 പുതിയ ബസ്സുകൾ അനുവദിച്ചു. പുതുതായി ആരംഭിച്ച സർവ്വീസുകൾ

1.	കോട്ടയം-കോഴിക്കോട്	- 7
2.	കോഴിക്കോട്-എറണാകുളം	- 3
3.	ചാലക്കുടി-ഈരാറ്റുപേട്ട്	- 1
4.	ചാലക്കുടി-കൊന്നക്കുഴി	- 1
5.	ചാലക്കുടി-ഇളഞ്ഞേരി	- 1
6.	ചാലക്കുടി-പാലക്കാട് TT	- 1
	ആകെ	14

(സി) കെ.എസ്.ആർ.ടി.സി. 2 ഘട്ടങ്ങളിലായാണ് ഷോപ്പിംഗ് കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മിതി നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ആദ്യഘട്ടത്തെ പണി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ് രണ്ടാമത്തെ ഘട്ടത്തിലാണ് ചാലക്കുടി ഡിപ്പോയെ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിരുവമ്പാടിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

173 (1901) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവമ്പാടിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവമ്പാടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണസമിതി അനുമതി നൽകിയതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തരുന്ന മുറയ്ക്ക് ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലേക്കായി കോഴിക്കോട് മേഖലാധികാരിയെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

174 (1902) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിൽ കോർപ്പറേഷൻ വക ഫണ്ടുപയോഗിച്ചു നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയ വർഷവും ചെലവായ തുകയും പ്രത്യേകമായി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര ഡിപ്പോയിൽ കോർപ്പറേഷൻ വക ഫണ്ടു പയോഗിച്ചു നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. കൊട്ടാരക്കര ബസ് സ്റ്റേഷനിലെ പഴയ ടോയ്ലെറ്റ് പൊളിച്ച് സ്കൂട്ടർ ഷെഡ് നിർമ്മിച്ചു.
2. കൊട്ടാരക്കര ഡിപ്പോയിൽ ക്യാന്റീൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി.
3. കൊട്ടാരക്കര ബസ് സ്റ്റേഷനിലെ ഡീസൽ പമ്പിനു സമീപ മുള്ള യാർഡ് കോൺക്രീറ്റ് ചെയ്യുകയും RCC കവർ സ്ലാബ് നൽകുകയും ചെയ്തു.
4. കൊട്ടാരക്കര ബസ് സ്റ്റേഷനിലെ ചുറ്റുമതിലിന്റെ തകരാറായ ഭാഗത്ത് ഇരുമ്പ് ഗ്രിൽ നൽകി.

LIBRARY ARCHIVES Kerala Legislative Assembly